# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2088** **11.02.2020-ൽ മറുപടിക്ക്**

## കൊറോണ വൈറസ് രോഗം പടരുന്നത് തടയുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ

**ചോദ്യം**

**ശ്രീ.പുരുഷൻ കടലുണ്ടി**

എ) കൊറോണ വൈറസ് രോഗം സംസ്ഥാനത്ത് സ്ഥിരീകരിച്ച സാഹചര്യത്തിൽ രോഗം പടരുന്നത് തടയുന്നതിനായി സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലോകാരോഗ്യ സംഘടന, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം, കേന്ദ്ര രോഗനിരീക്ഷണ യൂണിറ്റ് തുടങ്ങിയവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി ജില്ലാ മെഡിക്കൽ ആഫീസുകളിലേയ്ക്ക് അയച്ച് അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാനതലത്തിൽ ഉന്നതതല യോഗം, ദ്രുതകർമ്മസേനായോഗം, മാധ്യമ യോഗം എന്നിവയും നടത്തി. രോഗനിരീക്ഷണം, ചികിത്സ, പ്രതിരോധം, ബോധവത്കരണം തുടങ്ങിയവയെപ്പറ്റിയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലകൾക്ക് നൽകി.

വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും കൊറോണ വൈറസ് ബാധിത പ്രദേശങ്ങളിൽ നിന്നും എത്തുന്ന യാത്രികരിൽ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ 28 ദിവസം വീടുകളിൽ പ്രത്യേകം മാറ്റിപാർപ്പിച്ച് നിരീക്ഷിക്കുവാനും രോഗലക്ഷണങ്ങൾ ഉള്ളവരെ ഗവ.മെഡിക്കൽ കോളേജുകൾ, [illegible] ജില്ലാ/ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ സജ്ജീകരിക്കപ്പെട്ടിട്ടുള്ള ഐസൊലേഷൻ റൂമുകളിൽ പ്രവേശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. സംസ്ഥാന/ജില്ലാ തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജീകരിച്ച് രോഗ പ്രതിരോധ

പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി മരുന്നുകളും വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളും മറ്റും സംഭരിച്ച് വിതരണം ചെയ്തു.

രോഗസ്ഥിരീകരണത്തിനായി ആദ്യമാദ്യം സാംപിളുകൾ പൂനെയിലെ ദേശീയ വൈറോളജി യൂണിറ്റിലും ഇപ്പോൾ ആലപ്പുഴയിലെ വൈറോളജി യൂണിറ്റിലും അയച്ചു വരുന്നു.

ആരോഗ്യപ്രവർത്തകരിലൂടെയും പൊതുജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരിലൂടെയും പത്ര/ദൃശ്യ/ശ്രവ്യ/ സാമൂഹ്യ മാധ്യമങ്ങളിലൂടെയും ആരോഗ്യ-വകുപ്പിന്റെ വെബ്സൈറ്റിലൂടെയും ആവശ്യമായ അവബോധം നൽകി.

ആരോഗ്യവകുപ്പ് മന്ത്രിയുടെയും പ്രിൻസിപ്പൽ സെക്രട്ടറിയുടെയും നേതൃത്വത്തിൽ പ്രതിദിന പ്രവർത്തന പുരോഗതി റിപ്പോർട്ടുകൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ